വൈക്കം അസംബ്ലിമണ്ഡലത്തിലേക്കും, ജാതിക്കാമല ടാങ്കിൽനിന്നും വെള്ളൂർ മുളങ്കുളം, ഞീഴൂർ കുട്ടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലേയ്ക്ക് ഭാഗികമായും പെരുമറ്റം പള്ളിക്കുന്ന് ടാങ്കിൽനിന്നും ഉഴവൂർ, വെളിയന്നൂർ പഞ്ചായത്ത് പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്നു. എല്ലാ ടാങ്കുകളിലേക്കും പമ്പ് ചെയ്യുന്നതിനും പമ്പിംഗ് മുടങ്ങാതിരിക്കുന്നതിനുമായി സ്റ്റാന്റ് ബൈ പമ്പ്സെറ്റുകൾ നിലവിലുണ്ട്. മൂന്ന് ടാങ്കുകളിലേയ്ക്കുമുള്ള പമ്പ്സെറ്റുകളുടെ ഓരോ സ്റ്റാർട്ടറുകൾ റിപ്പയറിംഗിലാണ്.

ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

160 (4963) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി ഗ്രാമീണമേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാകുന്നരീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റെനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ-ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ്വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണമേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2012-17 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധിയുടെ രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുക എന്ന സവിശേഷതയും ജലനിധി പദ്ധതിക്കുണ്ട്.

(സി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിന് വേണ്ട പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്യുവരുന്നു.

കൊല്ലം ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

161 (4964) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ എടുക്കുന്നതിലേയ്ക്ക് കൊല്ലം ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നാളിതുവരെ എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത് ; ഇതിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കാമോ ;

(ഡി) ശേഷിക്കുന്ന കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് കണക്ഷൻ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly